പ്രൊഫ. എസ്.കെ. വസന്തൻ

# മനനം

## ഭാഷാസാഹിത്യപഠനങ്ങൾ



# മനനം

## (ഭാഷാ-സാഹിത്യപഠനങ്ങൾ)

പ്രൊഫ. എസ്.കെ. വസന്തൻ

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
തിരുവനന്തപുരം

*Malayalam*
**MANANAM**
(Criticism)

*By*

**Prof. S.K. Vasanthan**

First Published : November, 2015

*Typeset at*
Beyond Publishers, Law College Junction,
Kunnukuzhy, Thiruvananthapuram - 35

*Printed at*
Mattathil Printers Pvt. Ltd.
Changanassery

*Published by*
The State Institute of Languages, Kerala,
Thiruvananthapuram - 695 003

© The State Institute of Languages 2015

Copies : 1000

SIL/3812

ISBN 978-81-200-3812-7

Published by the State Institute of languages, Kerala, Thiruvananthapuram, under the State Government sponsored scheme for production of Environment Science text books in regional languages, at the University level of the Government of Kerala, Directorate of Environment and Climate change (Department of Environment), Kerala.

**Price : Rs.65/-**

FT - 2336

ങ്ങളുടെ പരസ്പര ബന്ധവും അവരുടെ പ്രവർത്തനങ്ങളും വിശ്വാസ്യ തയുടെ കാര്യത്തിൽ ദുർബലമായിരിക്കുന്നു.

'മനന'ത്തിൽ മുണ്ടശ്ശേരിയെക്കുറിച്ചുള്ള ലേഖനം മൗലികമായ സാഹിത്യദർശനം അദ്ദേഹത്തിനുണ്ടായിരുന്നുവോ എന്ന അന്വേഷണ മാണ്. പാശ്ചാത്യവും പൗരസ്ത്യവുമായ സാഹിത്യസിദ്ധാന്തങ്ങൾ കവിതാനിരൂപണത്തിന് ഉപയോഗിച്ച മുണ്ടശ്ശേരി നിരൂപകരിൽ നിന്ന് നേരിട്ട എതിർപ്പുകളും അതിന്റെ പരിണതികളും വിമർശകൻ എന്ന നിലയ്ക്ക് അദ്ദേഹത്തിന്റെ പരിമിതികളും ഈ ലേഖനത്തിന്റെ വിഷയ പരിധിയിൽ വരുന്നുണ്ട്. പല സന്ദർഭങ്ങളിലും മുണ്ടശ്ശേരി പരമ്പരാഗത വ്യാഖ്യാനമാർഗങ്ങൾ വെടിഞ്ഞ് സ്വതന്ത്രവും യുക്തിസഹവുമായ വഴി കളിലേക്ക് മുന്നേറി. അതേ സമയം അദ്ദേഹം സ്ഥാപിക്കാൻ ശ്രമിച്ച കാഴ്ചപ്പാടുകളാവട്ടെ, പ്രായോഗികതലത്തിൽ എത്തിയപ്പോൾ നേരെ വിരുദ്ധമായി തിരിയുകയും ചെയ്തുവെന്ന് ഗ്രന്ഥകാരൻ സമർഥിക്കുന്നു

കേരളത്തിലെ ഗുരുകുലങ്ങളെക്കുറിച്ചുള്ള പഠനം അധ്യാപന ത്തിന്റെയും അധ്യയനത്തിന്റെയും കേരളീയപാരമ്പര്യത്തെ സൂക്ഷ്മ മായി അപഗ്രഥിക്കുന്നു. ബുദ്ധമതസന്യാസിമാരുടെ പാരമ്പര്യവും കള രികളും കുടിപ്പള്ളിക്കൂടങ്ങളുമെല്ലാം കുട്ടികൾക്ക് പഠിക്കാനുള്ള സാഹ ചര്യം പണ്ടേ ഒരുക്കിയിരുന്നു. കാലം മാറിയപ്പോൾ ഈ സമ്പ്രദായത്തിന് പല മാറ്റങ്ങളും സംഭവിച്ചു. സംസ്കൃതപാഠശാലകൾ, പള്ളിക്കൂടങ്ങൾ, ഓത്തുപള്ളികൾ ഇവയെല്ലാം അനുവർത്തിച്ചത് ഗുരുകുലപാരമ്പര്യ ത്തിന്റെ രീതികളായിരുന്നുവെന്ന് കാണാം. ജീവിതശീലങ്ങളും അധ്യ യനപാരമ്പര്യവും മാറ്റങ്ങൾക്ക് വിധേയമായെങ്കിലും ഇന്നലെകളെ ചൈതന്യവത്താക്കിയ ചില ഗുരുകുലങ്ങളും കളരികളും മലയാളിയുടെ ഓർമകളിൽ സജീവമായി നിൽക്കുന്നു. പുന്നശ്ശേരി ഗുരുകുലവും കൊടു ങ്ങല്ലൂർ ഗുരുകുലവും വടക്കൻ കേരളത്തിലെ കുട്ടമത്ത് തറവാടും തല ശ്ശേരിയിലെ ഊരാച്ചേരി ഗുരുകുലവും മറ്റ് അനേകം ഗുരുകുലങ്ങളും നമ്മുടെ സാഹിത്യത്തെയും സംസ്കാരത്തെയും ഇവിടുത്തെ പ്രസിദ്ധീ കരണങ്ങളെയും പ്രസ്ഥാനങ്ങളെയും ഏറെ സ്വാധീനിച്ചിട്ടുണ്ട്. നടപ്പു രീതികളിൽ നിന്ന് വ്യത്യസ്തമായി പല ഗുരുകുലങ്ങളിലും അവർണർക്കും സ്ത്രീകൾക്കും അഹിന്ദുക്കൾക്കും പ്രവേശനം നൽകി യത് പുരോഗമനാത്മകമായ വലിയ മുന്നേറ്റമാണ്. കേരളത്തിലെ വിവിധ ഭാഗങ്ങളിലെ വിശേഷിച്ചും വടക്കൻ കേരളത്തിലെ ഗുരുകുലങ്ങളുടെയും അവിടെ അവർണസമുദായങ്ങൾക്ക് ലഭിച്ച സംസ്കൃത- വൈദ്യ ജ്യോതിഷ വിദ്യാഭ്യാസത്തെക്കുറിച്ചും പ്രധാനപ്പെട്ട ചില അറിവുക ഈ ലേഖനം പങ്കുവയ്ക്കുന്നുണ്ട്.

നിഘണ്ടുനിർമാണം എന്നത് അക്ഷരമാലാക്രമത്തിൽ പദങ്ങ അടുക്കുക എന്ന സരളമായ പ്രക്രിയ ആണെന്ന് പുറമെ തോന്നിയേക്കാ പക്ഷേ മലയാളത്തിലെ നിഘണ്ടു തയാറാക്കുന്നവർ ഭാഷാപാരമ

# മുഖവുര

മലയാളസാഹിത്യത്തെയും സംസ്കാരത്തെയും സൂക്ഷ്മമായി വിലയിരുത്തുന്ന ആറ് പഠനങ്ങളുടെ സമാഹാരമാണ് 'മനനം'. നമ്മുടെ സാഹിത്യത്തിന്റെയും സാംസ്കാരികഭൂമികയുടെയും സമഗ്രവും സൂക്ഷ്മവുമായ വിലയിരുത്തലുകളല്ല; മറിച്ച് പതിവുവിശകലനങ്ങളിൽ കടന്നുവരാത്തതും എന്നാൽ ഏറെ പ്രസക്തിയുള്ളതും ചർച്ചചെയ്യപ്പെടാത്തതുമായ വിഷയങ്ങളാണ് ഈ പുസ്തകത്തിന്റെ പരിധിയിൽ വരുന്നത്. പരസ്പരം ചേർന്ന് നിൽക്കുന്നതോ തുടർച്ച അവകാശപ്പെടാവുന്നതോ അല്ല, ഒന്നിനൊന്ന് വ്യത്യസ്തമായ പ്രബന്ധങ്ങളാണവ. നിരൂപകൻ, ചരിത്രകാരൻ, നോവലിസ്റ്റ്, വിവർത്തകൻ, അധ്യാപകൻ, ഗവേഷകൻ എന്നീ നിലകളിലെല്ലാം പ്രൊഫ.എസ്.കെ. വസന്തൻ വ്യാപരിച്ചതിന്റെ ഗുണഫലങ്ങളെല്ലാം ഈ ഗ്രന്ഥത്തിലുണ്ട്. 'മനനം' എന്ന പേര് ഈ ഗ്രന്ഥത്തിന് ഏറ്റവും യോജിക്കുന്നതും അതുകൊണ്ട് തന്നെയാണ്.

സമകാലികരുടെ കൃതികൾക്കൊപ്പം വിപുലമായി ചർച്ച ചെയ്യപ്പെട്ടതല്ല പി. കേശവദേവിന്റെ രചനകൾ. നിരൂപകർക്ക് ദേവിനോടും ദേവിന് നിരൂപകരോടും ഉണ്ടായിരുന്ന മനോഭാവങ്ങളെ എടുത്തുപറഞ്ഞുകൊണ്ട് ദേവിന്റെ കൃതികളിലേക്ക് കടക്കുന്ന ഗ്രന്ഥകർത്താവ് ആ രചനാലോകത്തിന്റെ സവിശേഷതകളെയും പരിമിതികളെയും 'കേശവദേവിന്റെ നോവൽ ശിൽപ്പത്തിൽ' വിലയിരുത്തുന്നു. സാഹിത്യത്തെക്കാൾ ജീവിതമാണ് തന്റെ പ്രശ്നമെന്ന് 'അയൽക്കാരു'ടെ ആമുഖത്തിൽ പ്രസ്താവിച്ച ദേവ് അറിഞ്ഞോ അറിയാതെയോ തന്റെ നോവലുകളുടെ ക്രാഫ്റ്റിൽ വരുത്തിയ സൂക്ഷ്മതക്കുറവ് തിരിച്ചറിയുമ്പോൾ വായനക്കാർ അമ്പരന്നേക്കാം. ഇതിവൃത്തത്തിന്റെ വിശ്വാസതയെ ബലപ്പെടുത്തുന്നത് തീർച്ചയായും കാലത്തെക്കുറിച്ചുള്ള നോവലിസ്റ്റിന്റെ ജാഗ്രതയാണ്. എന്നാൽ ദേവിന്റെ നോവലുകളുടെ ബന്ധശൈഥില്യത്തിന് കാലബോധത്തെക്കുറിച്ചുള്ള ഉദാസീനത വലിയ കാരണമായിട്ടുണ്ട്. ക്ലോക്കിന് പകരം 'സ്റ്റോപ്പ് വാച്ച്' സൂക്ഷിച്ചവനാണ് ദേവ്. ഇഷ്ടമുള്ളപ്പോൾ നിർത്തുകയും ഇഷ്ടമുള്ളപ്പോൾ പ്രവർത്തിപ്പിക്കുകയും ചെയ്യാവുന്ന വിധത്തിൽ ആ സ്റ്റോപ്പ് വാച്ച് കരുതിയതുകൊണ്ട് അദ്ദേഹത്തിന്റെ കഥാപാത്ര